# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2777 06.11.2019 -ലെ മറുപടി

## പുല്ലാമല ബണ്ട് പുന:സ്ഥാപിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ആൻസലൻ** | **കെ. കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള പുല്ലാമലയിൽ നെയ്യാർ നദിയുടെ ബണ്ട് 2018 ലെ പ്രളയത്തിൽ തകർന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പൊതുജനങ്ങൾക്കും കർഷകർക്കും ഏറെ ദോഷം ചെയ്യുന്ന പ്രസ്തുത ബണ്ട് പുന:സ്ഥാപിക്കാൻ ഇറിഗേഷൻ വിഭാഗം എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തത വരുത്താമോ;<br><br>(ബി) നെയ്യാറിലെ പുല്ലാമല ബണ്ട് പുന:സ്ഥാപിക്കുന്നതിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) യും (ബി) യും ഉണ്ട് . അമരവിള പുല്ലാമലയിൽ നെയ്യാർ നദിയുടെ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ ടി പ്രവൃത്തിയ്ക്ക് മണ്ണ് പര്യവേക്ഷണം നടത്തി ഡിസൈൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. മണ്ണ് പര്യവേക്ഷണം നടത്തുന്നതിന് വേണ്ടി 1,24,000/- രൂപയുടെ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരം രൂപ) ഭരണാനുമതി നൽകി സാങ്കേതികാനുമതി പര്യവേക്ഷണത്തിന് ടെണ്ടർ വിളിച്ചു. മൂന്നാമത്തെ ടെണ്ടറിലൂടെ ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് രണ്ട് പ്രാവശ്യം കത്ത് നൽകിയിട്ടും എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാത്തതിനാൽ ടെർമിനേറ്റ് ചെയ്യും എന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) ഡി.പി.ആർ പ്രകാരം എത്ര തുകയാണ് ബണ്ട് പുന:സ്ഥാപിക്കാൻ വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) മണ്ണ് പര്യവേക്ഷണം നടത്തി ഇതിനാവശ്യമായ ഡിസൈൻ ലഭ്യമാക്കി തുടർന്ന് ഡി.പി.ആർ തയ്യാറാക്കിയാൽ മാത്രമേ ബണ്ട് പുനസ്ഥാപിക്കാൻ വേണ്ടി വരുന്ന തുകയുടെ കണക്ക് ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ